**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3772** **27-06-2024 - ൽ മറുപടിയ്ക്ക്**

**പൂഞ്ഞാർ മണ്ഡലത്തിൽ കായിക വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | പൂഞ്ഞാർ മണ്ഡലത്തിൽ കായിക വകുപ്പ് മുഖേന നടപ്പിലാക്കിയതും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതുമായ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | **പുത്തൻചന്ത സ്റ്റേഡിയം ഒരു പഞ്ചായത്ത് ഒരു കളിക്കളം**<br><br>പൂഞ്ഞാർ മണ്ഡലത്തിലെ മുണ്ടക്കയം ഗ്രാമ പഞ്ചായത്ത് പുത്തൻചന്ത സ്റ്റേഡിയം നിർമ്മാണ പ്രവൃത്തിയ്ക്കായി 1 കോടി രൂപയുടെ ഭരണാനുമതിയും 11.03.2024 ന് സാങ്കാതികാനുമതിയും നൽകിയിട്ടുണ്ട്.<br><br>13.03.2024ന് ദർഘാസ് ക്ഷണിച്ചിരുന്നെങ്കിലും ആരും തന്നെ ദർഘാസിൽ പങ്കെടുത്തിരുന്നില്ല. ആയതിനാൽ 30.04.2024 ലെ പുന:ദർഘാസ് ലഭിച്ചത് പരിശോധിച്ച് വരുന്നു. |
| (ബി) | ഹെൽത്തി കിഡ്സ്, ഗോൾ എന്നീ പദ്ധതികൾ മണ്ഡലത്തിൽ നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) | **ഹെൽത്തി കിഡ്സ്**<br><br>ഹെൽത്തി കിഡ്സ് പദ്ധതിയുടെ ഭാഗമായി പൂഞ്ഞാർ മണ്ഡലത്തിൽ ജി.എൽ.പി.എസ് പൂഞ്ഞാർ സ്കൂളിനെ തെരഞ്ഞെടുത്തിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ ജൂലൈ ആദ്യ വാരത്തോടുകൂടി ഉദ്ഘാടനം ചെയ്ത് ആരംഭിക്കുന്നതാണ്.<br><br>**ഗോൾ**<br><br>140 നിയോജക മണ്ഡലങ്ങളിലും ഗോൾ പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു കഴിഞ്ഞു. തുടർ നടപടികൾ സ്പോർട്സ് കൗൺസിലുകൾ മുഖേന സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ